നം. ഇ4-13129/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി – 25/03/2017
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്,
തിരുവനന്തപുരം

Shri. Muhammed Shabeer N
Shaik Bava Sowbham
Meena Nagar
Kalmandapam
Palakkad

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വിവരാവകാശ നിയമം 2005 – മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 16/02/2017 ലെ അപേക്ഷ

Fcd 25/03/17

വിവരാവകാശ നിയമം അനുസരിച്ച് സൂചന അപേക്ഷയിലൂടെ താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചോദ്യ നമ്പർ ക്രമത്തിൽ താഴെ പറയുന്നു.

1. ഈ വകുപ്പിൽ എൽ.ഡി ക്ലാർക്ക് (14) /ക്ലാർക്ക് ടൈപ്പിസ്റ്റ് (6) വിഭാഗത്തിൽ 20 തസ്തികകളാണ് ഉള്ളത്. സീനിയർ ക്ലാർക്ക് തസ്തികയിൽ 21 തസ്തികകൾ നിലവിലുണ്ട്. ഇതിൽ ക്ലാർക്ക് തസ്തികയിൽ 17 ജീവനക്കാരും ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ 6 ജീവനക്കാരും സേവനമനുഷ്ഠിക്കുന്നുണ്ട്. താത്കാലികമായി ആരും തന്നെ സേവനമനുഷ്ഠിക്കുന്നില്ല. കാലാകാലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധമായ ഉത്തരവുകളുടെ നമ്പറും തീയതിയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ജില്ലയിലെ ഈ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

Dh/-

| ഓഫീസ് | അനുവദനീയമായ തസ്തികകൾ | | നിലവിലെ ജീവനക്കാരുടെ എണ്ണം | | | റിമാർക്സ് |
|---|---|---|---|---|---|---|
| | ക്ലാർക്ക് | ക്ലാർക്ക് - ടൈപ്പിസ്റ്റ് | സീനിയർ ക്ലാർക്ക് | ക്ലാർക്ക് | ക്ലാർക്ക് - ടൈപ്പിസ്റ്റ് | |
| ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട് | 4 | 1 | 3 | 1 | 1 | |
| പ്രോഗ്രാം ഓഫീസ് പാലക്കാട് | 2 | - | 2 | - | - | |
| ആലത്തൂർ | 1 | 1 | - | 1 | 1 | |
| അട്ടപ്പാടി | 1 | - | - | 1 | - | |
| ചിറ്റൂർ | 1 | - | - | 1 | - | |
| കൊല്ലംകോട് | 1 | 1 | - | 1 | 1 | |
| കുഴൽമന്ദം | 1 | 1 | - | 1 | 1 | |
| മണ്ണാർക്കാട് | 2 | - | 1 | 1 | - | |
| നെൻമാറ | 2 | - | - | 2 | - | |
| ഒറ്റപ്പാലം | 1 | 1 | 1 | - | 1 | |
| പാലക്കാട് | 2 | - | 1 | 1 | - | |
| പട്ടാമ്പി | 3 | - | 1 | 1 | - | ക്ലാർക്ക് 1 ഒഴിവ് |
| ശ്രീകൃഷ്ണപുരം | 1 | 1 | - | 1 | 1 | |
| തൃത്താല | 2 | - | 2 | - | - | |
| മലമ്പുഴ | 2 | - | 1 | 1 | - | |
| ആലത്തൂർ | 1 | - | - | - | - | ക്ലാർക്ക് 1 |

Dh/-

| | | | | | | |
|---|---|---|---|---|---|---|
| അഡീഷണൽ | | | | | | ഒഴിവ് |
| ഒറ്റപ്പാലം അഡീഷണൽ | 1 | - | - | 1 | - | |
| പട്ടാമ്പി അഡീഷണൽ | 1 | - | 1 | - | - | |
| ചിറ്റൂർ അഡീഷണൽ | 1 | - | - | 1 | - | |
| നെന്മാറ അഡീഷണൽ | 1 | - | 1 | - | - | |
| തൃത്താല അഡീഷണൽ | 1 | - | - | 1 | - | |
| മണ്ണാർക്കാട് അഡീഷണൽ | 1 | - | - | - | - | ക്ലാർക്ക് 1 ഒഴിവ് |
| പാലക്കാട് അഡീഷണൽ | 1 | - | 1 | - | - | |
| ജില്ലാ പ്രൊബേഷൻ ഓഫീസ് പാലക്കാട് | 1 | - | - | 1 | - | |

2. ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് PSC ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ നിയമന ശുപാർശ ഉണ്ടായിട്ടില്ല. റിപ്പോർട്ട് ചെയ്യാൻ നിലവിൽ ഒഴിവുകൾ അവശേഷിക്കുന്നില്ല. നിലവിൽ ക്ലാർക്ക് തസ്തികയിൽ കേഡർ സ്ട്രെങ്ത് അധികരിച്ചാണ് നിൽക്കുന്നത്. ഒഴിവുകൾ സീനിയർ ക്ലാർക്ക് തസ്തികയിലാണ് നിലവിൽ ഉള്ളത്. ക്ലാർക്ക് തസ്തികയിൽ പാലക്കാട് ജില്ലയിൽ ഉള്ള ഒരു വേക്കൻസി PSC യ്ക്ക് റിപ്പോർട്ട് ചെയ്ത കത്ത് നം E4/12286/17(3) തീയതി 17/08/2017 ആണ്.

Dh/-

3. ക്ലാർക്ക് തസ്തികയിൽ PSC യ്ക്ക് റിപ്പോർട്ട് ചെയ്ത ഒരു തസ്തികയിൽ നിയമനം നൽകുവാനുണ്ട്. 1:1 അനുപാതത്തിൽ ക്ലാർക്ക് തസ്തികയിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകൾ ഇല്ല.

4. ഈ വകുപ്പിൻ കീഴിൽ നിലവിലുള്ള കാർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് നമ്പർ E9/30000/2015 തീയതി 07/09/2015 ആണ്. ഏകീകൃത ലിസ്റ്റ് ആയതിനാൽ പാലക്കാട് ജില്ലയിലെ ജീവനക്കാരുടെ എണ്ണം പ്രത്യേകം ലഭ്യമല്ല. അവസാനം ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയത് 130-മത് സീനിയോറിറ്റി നമ്പറിനാണ്.(ഫയൽ നമ്പർ E4-11669/16 തീയതി 17/12/2016)

5. ക്ലാർക്ക് തസ്തികയിൽ ഹെഡ് ക്വാർട്ടേഴ്സ് തസ്തിക ഇല്ല.

6. 1 : 1 അനുപാതത്തിലാണ് ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് /സീനിയർ ക്ലാർക്കും തമ്മിലുള്ള അനുപാതം. സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 തസ്തികകളിൽ 15 പേരാണ് ഇപ്പോൾ സേവനമനുഷ്ഠിക്കുന്നത്. ക്ലാർക്ക് തസ്തികയിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ ഒഴിവുകൾ ഉണ്ടാവുകയില്ല.

7. റിട്ടയർമെന്റ് മുഖേന ക്ലാർക്ക്-സീനിയർ ക്ലാർക്ക് തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുവാനുള്ള സാധ്യത കാണുന്നില്ല. മറ്റ് തരത്തിലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടില്ല.

8. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ല പ്രോഗ്രാം ഓഫീസിൽ ക്ലറിക്കൽ കേഡറിൽ ഒരു തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ തസ്തികകൾ ഒന്നും തന്നെ അനുവദിക്കപ്പെട്ടിട്ടില്ല.

9. ജനുവരി മാസത്തിൽ നൽകിയിട്ടുള്ള വേക്കൻസി റിപ്പോർട്ടിംഗ് പൊസിഷൻ ഉള്ളടക്കം ചെയ്യുന്നു.

Dh/-

താങ്കൾക്ക് ഈ മറുപടി തൃപ്തികരമായി തോന്നുന്നില്ലെങ്കിൽ ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ ശ്രീമതി പ്രീത.എസ് നായർ, അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന മേൽ വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

ശ്യാംശങ്കർ S.L
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, 5-ാം നില
തിരുവനന്തപുരം - 33

Dh/-